## മാർത്തോമ്മാ എൽ.പി. സ്കൂൾ  കീഴില്ലം



# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-2026

മലങ്കര മാർത്താമ്മാ സുറിയാനിസഭയുടെ മാർത്താമ്മാ സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റിന്റെ അധീനതയിൽ പ്രവർത്തിക്കുന്നവിദ്യാലയമാണ് കീഴില്ലം മാർത്തോമ്മാ എൽ പി സ്കൂൾ. പ്രീ പ്രൈമറി, ലോവർ പ്രൈമറി എന്നീ വിഭാഗങ്ങളിലായികീഴില്ലം ഗ്രാമത്തിന്റെ വിവിധ പ്രദേശങ്ങളിലായുള്ള വിദ്യാർത്ഥികൾക്ക് മാർഗദീപമായി ഈ സരസ്വതീക്ഷേത്രം ഇന്നും ശോഭിക്കുന്നു. ദേശത്തിന്റെ തനിമയും പാരമ്പര്യം നിലനിർത്തി LKG ,UKG, 1 മുതൽ 4 വരെ ക്ലാസുകളിലായി 90ൽ പരം കുട്ടികളുമായി പെരുമ്പാവൂർ ഉപജില്ലയിലെ മികച്ച സ്കൂളായി പ്രർത്തിക്കുവാൻ സാധിക്കുന്നു. ഹെഡ്മിസ്ട്രസ് ബിൻസി ബേബി ടീച്ചറിന്റെ നേതൃത്വത്തിൽ 5 അദ്ധ്യാപകരും ഒരു അനധ്യാപികയും പ്രവർത്തിക്കുന്നു.

<u>അടിസ്ഥാന വിവരങ്ങൾ</u>

1. വിദ്യാലയത്തിന്റെ പേര്: മാർത്തോമ്മാ എൽ.പി. സ്കൂൾ, കീഴില്ലം
2. വിലാസം : കീഴില്ലം പി.ഒ.,683541, എറണാകുളം ജില്ല
3. ഫോൺ : 9400916796
4. ഇമെയിൽ: mtlps19 @gmail com
5. സ്കൂൾ കാഡ് : 27241
6. വിദ്യാഭ്യാസ ഉപജില്ല: പെരുമ്പാവൂർ
7. വിദ്യാഭ്യാസ ജില്ല: കോതമംഗലം
8. റവന്യൂ ജില്ല : എറണാകുളം
9. ബി.ആർ.സി: കുറുപ്പടി

10 ഗ്രാമ പഞ്ചായത്ത്: രായമംഗലം പഞ്ചായത്ത്

11.ബ്ലാക്ക് പഞ്ചായത്ത്: കുറുപ്പടി

12.നിയമ സഭാ മണ്ഡലം: പെരുമ്പാവൂർ

13. ലോക സഭാ മണ്ഡലം: ചാലക്കുടി

14. താലൂക്ക്: കുന്നത്തുനാട്

<u>**ലക്ഷ്യങ്ങൾ**</u>

ഇന്ത്യൻ ഭരണഘടന അനുസരിച്ച് ജാതി മത വർണ്ണ ലിംഗ വ്യത്യാസമില്ലാതെ എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും സൗജന്യ വിദ്യാഭ്യാസം ഉറപ്പുത്തുക.

സാമ്പത്തികവും സാമൂഹികവുമായ പിന്തുണ നൽകുക.

സ്കൂളും രക്ഷകർത്താക്കളും തമ്മിലുള്ള ബന്ധം സുദൃഢമാക്കുക.

കുട്ടികളുടെ ആരോഗ്യപരവും മാനസികവും ശാരീരികവുമായ വളർച്ചയ്ക്ക് ഉതകുന്ന തരത്തിലുള്ള പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുക.

ഓരോ വിദ്യാർത്ഥിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുക.

ഓരോ അധ്യാപകനും ആധുനിക സാങ്കേതിക വിദ്യയുടെ കൂടി സഹായത്താൽ നിരന്തരമായി അറിവുകൾ പുനർ നിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.

<u>അവസ്ഥ പഠനത്തിലെ കണ്ടെത്തലുകൾ</u>

സാമൂഹ്യവും സാമ്പത്തികവുമായി പിന്നാക്കാവസ്ഥയിൽ നിൽക്കുന്ന ധാരാളം കുട്ടികൾ ഈ സ്കൂളിൽ പഠിക്കുന്നു.

കുടുംബത്തിലെ വിവിധ പ്രശ്നങ്ങൾ കാരണവും മാതാപിതാക്കൾ തമ്മിലുള്ള പ്രശ്നങ്ങൾ കാരണവും മാനസിക പ്രശ്നങ്ങൾ അനുഭവിക്കുന്ന നിരവധി കുട്ടികൾ ഈ സ്കൂളിൽ പഠിക്കുന്നുണ്ട്.

<u>വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്</u>

മാനവികത, സ്നേഹം, കരുണ, വ്യക്തി ശുചിത്വം, സാമൂഹ്യ ശുചിത്വം തുടങ്ങിയ

മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കൽ.

പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയഅന്തരീക്ഷം സൃഷ്ടിക്കൽ.

സാമൂഹികമായും സാമ്പത്തികമായും പാർശ്വവൽക്കരിക്കപ്പെട്ടവർ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെന്റേർസ് എന്നിവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പിക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

ലോകത്ത് എവിടെയും സമാന പ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലെയും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.

പാരിസ്ഥിതികാവബോധത്തോടെയുള്ള ജീവിതവും വികസന സങ്കല്പങ്ങളും രൂപപ്പെടുത്തുന്നതിനുള്ള

മനോഭാവം ഉണ്ടാക്കൽ.

## ദീർഘകാല ലക്ഷ്യങ്ങൾ

എല്ലാവരെയും ഉൾക്കൊള്ളുകയും തുല്യതയുള്ളതും ഗുണനിലവാരം ഉള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുക

എല്ലാവർക്കും ആജീവനാന്ത പഠനാവസരങ്ങൾ പ്രോത്സാഹിപ്പിക്കുക.

## പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ

എസ്.ആർ.ജി യോഗം, സ്റ്റാഫ് യോഗം, പി.ടി.എ യോഗം എന്നിവയിലൂടെ അക്കാദമിക് മാസ്റ്റർ പ്ലാൻ കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.

അക്കാദമികാവശ്യങ്ങൾക്ക് ക്ലാസ്സ്/ വിഷയം അടിസ്ഥാനത്തിൽ പദ്ധതി, ലക്ഷ്യം, പ്രവർത്തനം,എസ്റ്റിമേറ്റ് തുക, കാലയളവ്, പ്രവർത്തനം നടപ്പിലാക്കുന്ന ഏജൻസി എന്നിവ നിശ്ചയിക്കൽ.

രൂപരേഖ SRG, PTA, STAFF COUNCIL എന്നിവർക്ക് മുൻപിൽ അവതരിപ്പിക്കൽ.

യോഗത്തിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.

സ്റ്റാഫ് കൗൺസിലിന്റെ നേതൃത്വത്തിൽ ക്രോഡീകൃത അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ.

## കുട്ടികളിൽ വികസിക്കേണ്ട പൊതുധാരണകൾ

ഗുണമേന്മാ വിദ്യാഭ്യാസം കാര്യക്ഷമമായി നടക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ഇന്ന് ജീവിക്കുന്നത് ഇതിനായി സ്കൂൾ തന്നെ നൂതനമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. കുട്ടികളിൽ വളർത്തിയെടുക്കേണ്ട മൂല്യങ്ങളെ വിവിധ യൂണിറ്റുകളായി തിരിച്ച് അധ്യാപകർ തന്നെ വിവിധ ക്ലാസുകൾക്ക് നേതൃത്വം നൽകുന്നതിനായി അക്കാദമി മാസ്റ്റർ പ്ലാനിൽ ഈ വിഷയങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. പ്രത്യേകം നിർദ്ദേശിച്ചിരിക്കുന്ന മൊഡ്യൂളുകൾ അനുസരിച്ച് ഏഴുദിവസം ഏഴു ക്ലാസ് എന്ന നിലയിലാണ് ഞങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്. കുട്ടികളിൽ വളർത്തിയെടുക്കേണ്ട മൂല്യങ്ങളും അതിനോടൊപ്പം തന്നെ അവരിൽ വികസിപ്പിക്കേണ്ടതായ മനോഭാവങ്ങളും ആദ്യ ദിവസങ്ങളിൽ തന്നെ രൂപപ്പെടുത്തിയെടുക്കാൻ ഇത്തരം ക്ലാസുകൾക്ക് സാധിക്കും എന്ന കാര്യത്തിൽ സംശയമില്ല. ഓരോ ദിവസും ഓരോ അധ്യാപകർ തന്നെയാണ് വിവിധ ക്ലാസുകൾ

കൈകാര്യം ചെയ്യുന്നത്. കൂടാതെ കുട്ടികളിൽ വ്യായാമശീലം വർദ്ധിപ്പിക്കുന്നതിനും അവരുടെ ആരോഗ്യപരിപാലനത്തിനുമായി സുംബാ ഡാൻസ് പരിശീലിപ്പിക്കുന്നതിനും പ്രത്യേക ക്ലാസുകൾ ഉൾപ്പെടുത്തിയിരിക്കുന്നു.

<u>പൊതു ധാരണകൾ - ക്ലാസുകൾ</u>

ജൂൺ 3 പൊതുവിഷയങ്ങൾ - ബിൻസി ബേബി

ജൂൺ 4 ട്രാഫിക്ക് - ചിന്നു അന്നാ എബ്രഹാം

ജൂൺ 5 വ്യക്തി & പരിസര ശുചിത്വം - ജെസ്സ.എസ്. ജോയി

ജൂൺ 9 പൊതു ആരോഗ്യം - ഷിഞ്ചു അച്ചൻകുഞ്ഞ്

ജൂൺ 10 ഡിജിറ്റൽ അച്ചടക്കം -ജെസ്സ.എസ്. ജോയി

ജൂൺ 11 പൊതുമുതൽ സംരക്ഷണം - ഷിഞ്ചു

ജൂൺ 12 പരസ്പരസഹകരണം - ചിന്നു അന്നാ

ജൂൺ 13 പൊതു ക്രോഡീകരണം - ബിൻസി ബേബി

<u>ഉപസംഹാരം</u>

ഓരോ വിദ്യാർത്ഥിയും ഓരോ യൂണിറ്റ് എന്ന് കണ്ടുകൊണ്ടാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ ഞങ്ങൾ തയ്യാറാക്കിയിരിക്കുന്നത്. അധ്യാപകരോടൊപ്പം പി ടി എ, അക്കാദമിക വിദഗ്ധർ, ജനപ്രതിനിധികൾ, വിദ്യാർത്ഥി പ്രതിനിധികൾ, എന്നിവർ ഈ പ്രവർത്തനത്തിൽ പങ്കാളികളായിട്ടുണ്ട്. എല്ലാ കുട്ടികളെയും ഉൾക്കൊള്ളുന്നതും തുല്യതയുള്ളതും ഗുണനിലവാരം ഉള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന പ്രവർത്തനത്തിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഞങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. സ്കൂളിന്റെ എല്ലാ ദൈനംദിന പ്രർത്തനങ്ങളും ഈ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ നൂതനവും സവിശേഷവും ഗുണകരവുമായ പഠനപ്രവത്തനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.